# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. L - JK 6** | **2017 MAY 1** | **No. 6**


## PASTORAL LETTER
# Good Shepherd Sunday

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

നല്ല ഇടയനായ യേശുവിന്റെ കാരുണ്യത്തെ നാം ഹൃദയപൂർവ്വം ധ്യാനിക്കുന്ന ഈ ഞായറാഴ്ച ദൈവവിളി ദിനമായി ആഗോളസഭ ആഘോഷിക്കുകയാണ്.

വി.ജോൺപോൾ രണ്ടാമൻ പാപ്പ വൈദികാർത്ഥികളെ അഭിസംബോധന ചെയ്തു പറഞ്ഞു: "ദൈവവിളി കരുണയാലുള്ള, കരുണയിലേക്കുള്ള ദൈവത്തിന്റെ വിളിയാണ്". ഒരാളുടെ യോഗ്യത കൊണ്ടല്ല, ദൈവത്തിന്റെ കരുണകൊണ്ടാണ് വൈദിക സന്യസ്ത ജീവിതങ്ങളിലേക്ക് അയാളെ ദൈവം വിളിക്കുന്നത്. ദൈവവിളി അതിനാൽ ദാനമാണ്. ഉത്തമരായ കാര്യസ്ഥരെപോലെ ദാനം ഉപയോഗിക്കുവാനാണ് (1 പത്രോ 4:10) ദൈവം വിളിക്കുന്നത്. തന്റെ കരവേലയാകാനാണ് ദൈവത്തിന്റെ ക്ഷണം (എഫേ. 2:10) കർത്തൃശുശ്രൂഷ ചെയ്യാനും സമൂഹസേവനത്തിനായി സ്വയം നൽകാനുള്ള ദൈവത്തിന്റെ ക്ഷണത്തെ നിസ്സാരമായി കാണരുത് (സംഖ്യ 16:9). ദൈവവിളിയുടെ വിത്ത് വന്നു ഹൃദയത്തിൽ വീണിട്ടും ലൗകീകവ്യഗ്രതകളുടെ മുൾപ്പടർപ്പുകളിൽ അതിനെ ഞെരിച്ചു കളയരുത്.

*പ്രിയ യുവതീയുവാക്കളേ,*

സമർപ്പിതജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള ശക്തമായ ഉൾവിളി നിങ്ങൾക്കുണ്ടെങ്കിൽ ആ ഉൾപ്രേരണയെ അവഗണിക്കാതിരിക്കുക. കാരണം നിങ്ങൾ ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായുള്ള ക്ഷണമാണത് (എഫേ 2:10). ആ സ്നേഹക്ഷണം എല്ലാവർക്കും നൽകപ്പെടുന്നില്ല എന്നും നിങ്ങൾ ചെയ്യാനുള്ളവ നിങ്ങൾക്കു മാത്രമേ ചെയ്യാനാവുകയുള്ളൂവെന്നും തിരിച്ചറിയുക. സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മാത്രം എല്ലാവരും ഓടിനടക്കുമ്പോൾ യേശുവിനുവേണ്ടി ജീവിക്കാനുള്ള ദൈവികാഹ്വാനം ഏറെ പ്രാധാന്യത്തോടെ ഉൾക്കൊള്ളുക (ഫിലി. 2:21).

സ്വന്തം നേട്ടങ്ങളെ നിസ്സാരമായി കരുതി മറ്റുള്ളവർക്കായി ജീവിതം ഉഴിഞ്ഞുവെക്കുന്നവരിലൂടെയാണ് ഈ ലോകം നിലനിൽക്കുന്നത്. ക്രിസ്തുവിനെ മാത്രം മുന്നിൽകണ്ട് (ഹെബ്ര 12:2) നല്ല ഓട്ടം ഓടാൻ ദൈവം നിങ്ങളെ വിളിക്കുന്നുവെങ്കിൽ അതിനെ ഒരു ഭാഗ്യമായല്ലേ കാണേണ്ടത്?

*പ്രിയ മാതാപിതാക്കളെ,*

മക്കൾ ദൈവത്തിന്റെ ദാനമാണ്. ദൈവവേലയ്ക്കായി ഇറങ്ങിതിരിക്കുന്ന നിങ്ങളുടെ മകനെയോ മകളെയോ തടയരുത്. അവർ വീടുവെടിയുകയല്ല, നിങ്ങളുടെ ദാമ്പത്യജീവിതത്തെ മഹത്വപ്പെടുത്തുകയാണ് ചെയ്യുക. നിങ്ങളുടെ മാത്രമായ മക്കൾ എല്ലാവർക്കുമെല്ലാമായി മാറുന്നത് വലിയ അനുഗൃഹമായി കണക്കാക്കുക. കന്യാസ്ത്രീയാകാൻ ആഗ്രഹം പ്രകടിപ്പിച്ച് വി. മദർതെരേസ തന്റെ കൗമാരകാലത്ത് അമ്മയോട് ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞത്, "നിന്റെ കൈകൾ അവന്റെ കൈകളിൽ വെച്ച് അവന്റെ വഴിയേ പോകുക" എന്നാണ്. ആ അമ്മ അതു പറഞ്ഞില്ലായിരുന്നെങ്കിൽ നമുക്കൊരു വിശുദ്ധയെ കിട്ടില്ലായിരുന്നു. ചെറിയ തടസ്സങ്ങൾ പറഞ്ഞ് വലിയൊരു നിയോഗത്തെ പാഴാക്കരുത്.

*എന്റെ വത്സലവൈദികരേ,*

അജപാലനശുശ്രൂഷയുടെ ഭാഗമായി ദൈവവിളി പ്രോത്സാഹനത്തെ കാണുക. ആദ്യമെ സ്വന്തം ദൈവവിളിയിൽ കൃതജ്ഞതയുള്ളവരായിരിക്കുകയും അഭിമാനിക്കുകയും ചെയ്യുക. അഭിഷിക്തരെ

കണ്ണിലെ കൃഷ്ണമണിയായി ദൈവം കാക്കും (സഖ 2:8) എന്ന വാഗ്ദാനം ഓർമ്മിക്കുക. 'ഞാനാണ് നല്ല ഇടയൻ' എന്ന് പറഞ്ഞ യേശുവിനെ അജപാലനമേഖലയിൽ പ്രതിബിംബിച്ചുകൊണ്ട് വൈദികർ ദൈവവിളിയുടെ സജീവസാക്ഷ്യങ്ങളാകുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മപ്പെടുത്തുന്നു. വിശുദ്ധിയും ആനന്ദവും നിറഞ്ഞ ജീവിതത്തിലൂടെ പുതുതലമുറയെ, പുരോഹിതർ പ്രചോദിപ്പിക്കണമെന്നും പാപ്പ ആഹ്വാനം ചെയ്യുന്നു. എത്ര യുവതീയുവാക്കളെ ഞാൻ സമർപ്പിത വഴിയിലേക്ക് നയിച്ചു എന്ന് ഓരോ വൈദികനും സ്വയം ചോദിക്കുന്നത് നന്നായിരിക്കും.

സെമിനാരി വിദ്യാർത്ഥികളും സമർപ്പണവഴിയിൽ പ്രവേശിച്ച പെൺകുട്ടികളും നല്ല ജീവിതസാക്ഷ്യത്തിലൂടെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കൂടിയാകുക.

*വത്സലരായ അത്മായപ്രവർത്തകരേ,*

ഫ്രാൻസീസ് പാപ്പ ഇടവകയെ വിശേഷിപ്പിക്കുക ദൈവവിളിയെ പോഷിപ്പിച്ച് വളർത്തിയെടുക്കുന്ന ഈറ്റില്ലമായാണ്. അമ്മയുടെ ഉദരത്തിലെന്നപോലെ ഇടവകസമൂഹത്തിന്റെ ചൈതന്യം നിറഞ്ഞ അന്തരീക്ഷത്തിൽ വൈദികരും സമർപ്പിതരും രൂപം കൊള്ളുന്നു. നല്ല വൈദികർക്കുവേണ്ടി മുറവിളി കൂട്ടിയതുകൊണ്ടായില്ല. നല്ല വൈദികരെ ഓരോ ഇടവകയും വാർത്തെടുക്കണം. മതാധ്യാപകർക്കും അത്മായ നേതാക്കൾക്കും ദൈവികവഴിയിലേക്ക് യുവജനങ്ങളെ തിരിച്ചുവിടാനാകും. വൈദികരൂപീകരണത്തിൽ പ്രാർഥനകൊണ്ടും ധനസഹായം കൊണ്ടും, പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങൾകൊണ്ടും പങ്കുചേരാൻ എല്ലാ ഇടവകക്കാർക്കും സാധിക്കും. നിങ്ങളുടെ ഇടവകയിൽ നിന്നും എത്രപേർ ദൈവവിളി സ്വീകരിച്ചവരായുണ്ട് എന്ന് അന്വേഷിച്ചറിയുന്നത് നന്നായിരിക്കും.

ദൈവാനുഗ്രഹത്താൽ നമ്മുടെ അതിരൂപത ദൈവവിളിയാൽ സമ്പന്നമാണ്. വൈദികരുടെയും സന്യസ്തരുടെയും അപര്യാപ്തത ഉള്ളിടത്തേക്കുകൂടി ശുശ്രൂഷകരെ പറഞ്ഞയക്കാൻ നമുക്കു സാധിക്കണം. വത്തിക്കാന്റെ കണക്കുകൾ അനുസരിച്ച് ആഗോളസഭയിലെ 25% ഇടവകകൾക്ക് വൈദികരുടെ ശുശ്രൂഷ കിട്ടുന്നില്ല. വൈദികരുടെ അപര്യാപ്തത തന്നെയാണ് കാരണം. യൂറോപ്പ് ഏഷ്യയിലേക്കാണ് ഉറ്റുനോക്കുന്നത്. ഏഷ്യയിൽ തന്നെ കേരളമാണ് ദൈവവിളിയുടെ കാര്യ

ത്തിൽ മുന്നിൽ നിൽക്കുന്നതെങ്കിലും ഇനിയും അനേകം യുവതിയുവാക്കൾ കർത്താവിനുവേണ്ടി പോകാൻ മുന്നോട്ടു വരണം. ഇതാ ഞാൻ! എന്നെ അയച്ചാലും എന്നു പറഞ്ഞ് സ്വയം സമർപ്പിതരായി മുന്നോട്ടു സമൃദ്ധമായ വയലേലകളിലേക്ക് വരുന്ന അനേകം യുവതീയുവാക്കൾ നമുക്കിടയിൽ നിന്നുണ്ടാകട്ടെ എന്നു വിളവിന്റെ നാഥനോട് ഒരുമിച്ചു പ്രാർത്ഥിക്കാം.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2017 മെയ് 1-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: ഈ ഇടയലേഖനം 2017 മെയ് 7-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

### സർക്കുലർ - 15

# ഫാത്തിമാദർശന ശതാബ്ദി: പൂർണ്ണദണ്ഡവിമോചനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

പരിശുദ്ധകന്യകാമറിയത്തിന്റെ ഫാത്തിമാദർശന ശതാബ്ദിയാചരണത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതിന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ മൂന്ന് മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഒന്നാമതായി, ശതാബ്ദിയാചരണ കാലയളവിൽ പോർച്ചുഗലിലുള്ള ഫാത്തിമമാതാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ച് പരിശുദ്ധ ഫാത്തിമമാതാവിന്റെ സ്തുതിക്കായി *'വിശ്വാസപ്രമാണവും' 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'* എന്ന പ്രാർത്ഥനയും ചൊല്ലുന്നതുവഴി;

രണ്ടാമതായി, 2017 മെയ്മാസം മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഓരോ മാസത്തേയും 13-ാം തീയതി (13-ാം തീയതി മാത്രം) പരസ്യവണക്കത്തിനായി പരിശുദ്ധ ഫാത്തിമമാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും അവിടെ ഏതെങ്കിലും ആരാധനാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും ഫാത്തിമമാതാവിന്റെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് *'വിശ്വാസപ്രമാണവും 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'* എന്ന പ്രാർത്ഥനയും ചൊല്ലുകവഴി;

മൂന്നാമതായി, 2017 മെയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ ഓരോ 13-ാം തീയതിയും രോഗികളും വൃദ്ധരുമായവർ ഏതെങ്കിലും ഒരു ഫാത്തിമമാതാ തിരുസ്വരൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുകയും തങ്ങളുടെ സഹനങ്ങളെ സമർപ്പിക്കുകയും ആത്മീയമായി ഫാത്തിമാദർശന ശതാബ്ദി ആഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്യുകവഴി.

പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള സാധാരണ വ്യവസ്ഥകൾ - *കുമ്പസാരം, കുർബാനസ്വീകരണം, പരിശുദ്ധപിതാവിന്റെ നിയോഗത്തിനായുള്ള പ്രാർത്ഥന* - പാലിക്കേണ്ടതാണ്.

നമ്മുടെ അതിരൂപതയിലെ **എളംകുളം ഫാത്തിമമാതാ ഇടവകദേവാലയത്തിലും,** എടയാർ ഫാത്തിമമാതാ ദേവാലയത്തിലും, മുട്ടാർ ഫാത്തിമമാതാ ദേവാലയത്തിലും 2017 മെയ് മാസം മുതൽ ഒക്ടോബർ വരെ ഓരോ മാസത്തെയും 13-ാം തീയതി സന്ദർശനം നടത്തി മേൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് പ്രാർത്ഥിച്ചാൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2017 മെയ് 1-ാം തീയതി.

എറണാകുളം
1.05.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാൻ

## സർക്കുലർ - 16

# Initiating the Process for the Beatification and Canonization of MSGR. EMMANUEL LOPEZ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയിൽ ഏതാണ്ട് 70 വർഷക്കാലം വീരോചിതപുണ്യങ്ങളും സുകൃതങ്ങളും സ്വന്തമാക്കി ഒരു പുണ്യസ്മിതവുമായി വൈദികശുശ്രൂഷ ചെയ്ത ഭാഗ്യസ്മരണാർഹനായ മോൺ. ഇമ്മാനുവൽ ലോപ്പസ് ഇന്ന് സ്വർഗ്ഗത്തിൽ വിശുദ്ധരുടെയും മാലാഖമാരുടെയും സമൂഹത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നു. ഈ പുണ്യപുരോഹിതന്റെ പൂജ്യശരീരം ഉൾക്കൊള്ളുന്ന കബറിടത്തിങ്കൽ ദിനംപ്രതി പ്രാർത്ഥിക്കുന്നവരും നിരവധിയാണ്. മോൺ. ഇമ്മാനുവൽ ലോപ്പസിനെ വാഴ്ത്തപ്പെട്ടവനെന്നും വിശുദ്ധനെന്നും നാമകരണം ചെയ്യുന്നതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിക്കാൻ അതിരൂപതാ ആലോചനാസമിതിയുമായി പര്യാലോചിച്ച് തീരുമാനമെടുത്തിട്ടുണ്ട് എന്ന് നിങ്ങളെ ഞാൻ അറിയിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെയും മദ്ധ്യസ്ഥതയിൽ ഈ നിയോഗം സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2017 മെയ് 1-ാം തീയതി.

എറണാകുളം
1.05.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാൻ

## സർക്കുലർ - 17

# വൈദികരുടെയും ദേവാലയശുശ്രൂഷകരുടെയും പുതുക്കിയ അലവൻസ്

2017 ഏപ്രിൽ മാസം മുതൽ ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രതിമാസ അലവൻസ് പതിനായിരം രൂപയും (₹10000) സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രതിമാസ അലവൻസ് ഒമ്പതിനായിരം രൂപയും (₹9000) ആയിരിക്കും.

കപ്യാർ, ചെമ്മദോർ തുടങ്ങിയ ദേവാലയശുശ്രൂഷകർക്ക് നിലവിലുള്ള അടിസ്ഥാന അലവൻസിന്റെ 25% വർദ്ധിപ്പിച്ച് നൽകേണ്ടതാണ്. സബ്സ്റ്റേഷനുകളിൽ സേവനം ചെയ്യുന്ന വൈദികർക്കും ദേവാലയശുശ്രൂഷകർക്കും നിലവിലുള്ള അലവൻസിന്റെ 25% വർദ്ധിപ്പിച്ച് നൽകേണ്ടതാണ്.

എറണാകുളം
1.05.2017

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപതാ മെത്രാൻ

## NOTIFICATION - 7

The following Rev. Deacons of the Archdiocese of Verapoly were ordained Priests by His Grace the Archbishop Joseph Kalathiparambil at St. Francis Assisi Cathedral on 20th April 2017.

**Dn. Alappatt Joby**

**Dn. Alappatt Benson George**

**Dn. Thaiparambil Sibi Varghese**

**Dn. Kalloor Thomas Bevin**

**Dn. Kadamparambil Antony Hashbin**

**Dn. Kalathiparambil Antony Kuriakose Smijo**

**Dn. Marottickal Francis Manoj**

**Dn. Thachuthara Lijo George**

**Dn. Chemmayath Joseph Midhun**

**Dn. Thyparambil Antony Thomas**

**Dn. Thaiparambil Lazer Sinto**

Ernakulam
01.05.2017

**Chancellor**
Archdiocese of Verapoly

Printed and Published by Fr. Ebigin Arackal
Vimala Social Service Centre, Kakkanad, Kochi - 21

# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. L - JK 7 | 2017 MAY 1 | No. 7

## NOTIFICATION - 8

As directed by His Grace, Most Rev. Dr. Joseph Kalathiparambil, Metropolitan Archbishop of Verapoly, I hereby bring to your kind attention this following notification:

Father Antony Paul Keerampilly, parishioner of Mount Carmel Church Chathiath, incardinated in our Archdiocese, was suspended from exercising sacred ministries namely, celebrating Holy Eucharist, Preaching and Administering Sacraments and Sacramentals and from placing acts of governance as per Cann. 1333-1334 with effect from March 29, 2017 by a Decree issued by His Grace, Most Rev. Dr. Joseph Kalathiparambil. He is also forbidden to wear cassock or any other official ecclesiastical garb and to present himself as a representative or as an agent of the Archdiocese of Verapoly.

**Chancellor**
01.05. 2017

Printed and Published by Fr. Ebigin Arackal
Vimala Social Service Centre,  Kakkanad, Kochi - 21